**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** **27-07-2021 - ൽ മറുപടിയ്ക്ക്**

**മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ഡോ സുജിത് വിജയൻപിള്ള | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. ടി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. സുരക്ഷയുടെ ഭാഗമായി സി.സി.റ്റി.വി ക്യാമറകളും, വാക്കി ടോക്കികളും 24x7 നിരീക്ഷണ സംവിധാനവും പോലീസ് എയ്ഡ് പോസ്റ്റ്, ഗാർഡുകളുടെ സേവനം എന്നിവ വകുപ്പിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൃഗശാലകളുടെ പൊതുവായ സ്ഥിതിഗതികൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 1-ാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കേന്ദ്രമൃഗശാല അതോറിറ്റിയുടെ പരിശോധന പൂർത്തിയാക്കി ചെറിയ മൃഗശാലകളുടെ വിഭാഗത്തിൽപ്പെട്ടിരുന്ന തിരുവനന്തപുരം മൃഗശാലയെ വലിയ മൃഗശാല വിഭാഗത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്ന പരിശോധന, യഥാസമയം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (സി) | മൃഗശാലയിലെ മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്നുള്ള പരിശോധന യഥാസമയം നടത്തുന്നുണ്ട്. |
| (ഡി) | 2020-ന് ശേഷം വിവിധ മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ ഉണ്ടായിട്ടുള്ള രോഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 2020ന് ശേഷം മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ പകർച്ചവ്യാധികളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ